പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7281 16.7.2012-ൽ മറുപടിയ്ക്ക്

**<u>ഫെയർ വാല്യു നിർണ്ണയം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീമതി.ഗീതാ ഗോപി : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഫെയർ വാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) തൃശ്ശൂർ ജില്ലയിൽ, ഫെയർ വാല്യു നിർണ്ണയവുമായി ബന്ധപ്പെട്ട് 2014 അപ്പീൽ പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇവയിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഇവയിൽ 1802 അപ്പീൽ പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) ശേഷിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (സി). ഭൂമിയുടെ ന്യായ വില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനായി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അപ്പീൽ സമർപ്പിക്കുവാനുള്ള കാലാവധി 30 ദിവസമായിരുന്നത് ഒരു വർഷമാക്കിക്കൊണ്ടും, അപ്പീൽ സമർപ്പിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം ജില്ലാ കളക്ടർമാർക്ക് ബോദ്ധ്യപ്പെട്ടാൽ ഒരു വർഷത്തിനു ശേഷം സമർപ്പിക്കുന്ന അപ്പീലുകളും പരിഗണിക്കാവുന്നതാണെന്ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 06-06-2012 -ലെ ഇനം നമ്പർ 1793 പ്രകാരം, അതാത് |

ജില്ലാ കളക്ടർമാർ താലൂക്കുകളിൽ ചെന്ന് പൊതുജനാഭിപ്രായം കേൾക്കുകയും, നിലവിലുള്ള ഫെയർ വാല്യു നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടി ക്കാണിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുകയും വേണമെന്ന് മന്ത്രിസഭായോഗം തീരുമാനമെ ടുത്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും, പിന്നേയും വ്യക്തിഗത അപ്പീലുകൾ നിലവിലുള്ള പക്ഷം അവ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ